പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 443 — 21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പുനഃസംഘടിപ്പിക്കാൻ വിശദപഠനം

**ചോദ്യം**

ശ്രീ. അബ്ദുൽ ഹമീദ് പി.
" പാറക്കൽ അബ്ദുല്ല
" പി.കെ.അബ്ദു റബ്ബ്
" എം. ഉമ്മർ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിച്ച് വിശദപഠനം നടത്താൻ കൊൽക്കൊത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിച്ച് വിശദപഠനം നടത്താനായി കൊൽക്കത്തയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ പ്രൊഫസർ ആയ ശ്രീ. സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് G.O. (Rt) 367/2016/Trans തീയതി 24.09.2016 പ്രകാരം ഓപ്പറേഷൻ മാനേജുമെന്റ്, ഫിനാൻഷ്യൽ മാനേജുമെന്റ്, ഹ്യൂമൻ റിസോഴ്സ് മാനേജുമെന്റ്, ഇൻവെന്ററി മാനേജുമെന്റ് എന്നീ വിഭാഗങ്ങളിൽ കൂടുതൽ ഊന്നൽ നൽകി വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥാപനത്തെ ഇതിനായി തെരഞ്ഞെടുക്കാനുള്ള പ്രത്യേക കാരണമെന്താണെന്ന് വിശദമാക്കുമോ; | | |
| (സി) | ഏതൊക്കെ കാര്യങ്ങളെക്കുറിച്ച് പഠിക്കാനാണ് പ്രസ്തുത സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ